**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **07-02-2023 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസിന് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസിന് സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട മിനി സിവിൽ സ്റ്റേഷന്റെ ഭരണ നിയന്ത്രണം നിർവ്വഹിക്കുന്ന എസ്റ്റേറ്റ് ഓഫീസറായ താലൂക്ക് തഹസീൽദാർക്ക് (വൈക്കം) നിർദ്ദേശം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) | ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ 29.09.2022 തീയതിയിലെ എൽ.ആർ/2569/2021-എൽ.ആർ.എം4 നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യം പരിശോധിക്കാൻ വൈക്കം തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അദ്ദേഹം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് വൈക്കം തഹസീൽദാർ കോട്ടയം ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | മിനി സിവിൽ സ്റ്റേഷന്റെ ഭരണ നിയന്ത്രണം നിർവ്വഹിക്കുന്നത് എസ്റ്റേറ്റ് ഓഫീസറായ താലൂക്ക് തഹസീൽദാർമാരാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ സർക്കാർ വകുപ്പുകൾക്കും സർക്കാർ രൂപീകരിക്കുന്ന കമ്മീഷനുകൾക്കും വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കാവുന്ന വാടക, സർക്കാരിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് നിശ്ചയിച്ചു വരുന്നത്. ഈ സാഹചര്യത്തിൽ മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ.മാർക്ക് മുറി അനുവദിക്കുന്നത് സംബന്ധിച്ചും ടി മുറികൾക്ക് വാടക ഈടാക്കുന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ